## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 82      04/02/2013-ൽ മറുപടിക്ക്

### ഒളകര ഭൂസമരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ | തൃശ്ശൂർ ജില്ലയിലെ ഒളകരയിലെ ആദിവാസി ഭൂസമരം തീർപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | എ | തൃശ്ശൂർ ജില്ലയിലെ പീച്ചി വന്യജീവി സങ്കേതത്തിന് കീഴിൽ വരുന്ന ഒളകര ആദിവാസി കോളനി നിവാസികളായ 40 കുടുംബങ്ങൾക്ക് നിലവിലുള്ള 2006 ലെ വനാവകാശ നിയമപ്രകാരം 13.12.2005 ൽ കൈവശമുണ്ടായിരുന്ന 2.54 ഹെക്ടർ ഭൂമിക്ക് മാത്രമെ അർഹതയുള്ളൂ. ആയത് പ്രകാരം അനധികൃതമായി കൈയ്യേറിയ വനഭൂമിയിൽ വനാവകാശം നൽകുവാൻ നിർവ്വാഹമില്ല. മേൽ സാഹചര്യത്തിൽ പ്രസ്തുത കോളനി നിവാസികൾക്ക് മതിയായ ജീവിത സൗകര്യം ലഭ്യമാക്കുന്നതിനായി താഴെ പറയുന്ന കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.<br><br>1.ഒളകരയിൽ ഇപ്പോൾ താമസിക്കുന്ന ആദിവാസികൾക്ക് വേണ്ടുന്ന സൗകര്യങ്ങൾ ചെയ്ത് കൊടുക്കുക.<br>2. ഒരേക്കർ സ്ഥലമെങ്കിലും ഒളകര നിവാസികൾക്ക് കണ്ടെത്തി നൽകുവാനുള്ള നടപടി സ്വീകരിക്കുന്നതിലേക്കായി വാണിയംപാറ എസ്റ്റേറ്റിൽ അധികമായി ഭൂമി ഉണ്ടോ എന്നുള്ള കാര്യവും അധികൃതരുമായി ബന്ധപ്പെട്ട് ടി എസ്റ്റേറ്റിൽ നിന്നും മതിയായ ഭൂമി ലഭ്യമാക്കുവാൻ കഴിയുമോ എന്നുള്ള കാര്യവും പരിശോധിക്കുക.<br><br>അതനുസരിച്ച് 27.12.2012 ൽ തൃശ്ശൂർ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ വനം, പട്ടികവർഗ്ഗം, റവന്യൂ, സർവ്വെ എന്നീ വകുപ്പ് തല ഉദ്യോഗസ്ഥരുടെയും വാണിയമ്പാറ റബ്ബർ കമ്പനി അധികാരികളുടെയും സംയുക്ത യോഗം ചേരുകയും പ്രസ്തുത യോഗ തീരുമാനപ്രകാരം വാണിയംപാറ കമ്പനിയുടെ കൈവശത്തിൽ അധികഭൂമി കണ്ടെത്തുന്നതിനുള്ള അടിയന്തിര സർവ്വെ നടപടികൾ സ്വീകരിക്കുന്നതിന് സർവ്വെ അധികാരികൾക്കും, വനം വകുപ്പിനും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| ബി | ഒളകര ഭൂസമരം സംബന്ധിച്ച കേസ്സുകൾ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി | ബഹു. കോടതി നിർദ്ദേശത്തിന് വിധേയമായി വനം വകുപ്പ് മുഖാന്തിരം നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ